കവിയൂർ പുഞ്ചയിലെ ജലക്ഷാമവും കറ്റോട് ഭാഗത്തെ തടയണയും

79 (3288) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന കവിയൂർ പുഞ്ചയിലെ ജലദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി മണിമലയാറിൽ കറ്റോട് ഭാഗത്ത് ഒരു തടയണ നിർമ്മിച്ച് വെള്ളം കവിയൂർ പുഞ്ചയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കവിയൂർ പുഞ്ചയിലെ ജലദൗർലഭ്യത്തെക്കുറിച്ച് നാളിതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ല. കവിയൂർ പുഞ്ചയിലെ L.I. സ്കീമുകൾ എല്ലാം പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഇത് സംബന്ധിച്ച് ആവശ്യമായ പഠനം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

ഈട്ടി, തേക്ക്, ചന്ദനം എന്നീ മരങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

80 (3289) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈട്ടി, തേക്ക് എന്നീ മരങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത മരങ്ങളെ സംബന്ധിച്ചുള്ള എന്തെങ്കിലും സെൻസസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മറയൂരിൽ ചന്ദനമരം നിൽക്കുന്ന പ്രദേശങ്ങളിൽ ഈട്ടി മരങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ മന്ത്രിമാർ മറയൂർ ചന്ദനക്കാട് സന്ദർശിച്ചിട്ടുണ്ട്;

(ഇ) മന്ത്രിയുടെ 14-2-2005-ലെ സന്ദർശനത്തിൽ ചന്ദനമരങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നത് സംബന്ധിച്ച് പുതിയ എന്തെങ്കിലും അറിവ് ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇങ്ങനെ കടത്തിക്കൊണ്ടു പോകുന്ന ഏതെങ്കിലും പുതിയ വഴികളോ മാർഗ്ഗങ്ങളോ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനസംരക്ഷണ ജോലിയുടെ ഭാഗമായി വനം വകുപ്പ് വനത്തിലുള്ള ഈട്ടി, തേക്ക് എന്നീ മരങ്ങൾ സംരക്ഷിച്ച് വരുന്നു. ടി മരങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ഓരോ ഫോറസ്റ്റ് ഡിവിഷന്റെയും വർക്കിംഗ് പ്ലാൻ തയ്യാറാക്കുമ്പോൾ വനത്തിലുള്ള വിവിധ മരങ്ങളുടെ എണ്ണം (ഈട്ടി, തേക്ക് ഉൾപ്പെടെ) സാമ്പിൾ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്.

(സി) മറയൂരിൽ ചന്ദനമരം നിൽക്കുന്ന പ്രദേശങ്ങളിൽ ഈട്ടി മരങ്ങൾ ഉണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ. കെ. സുധാകരൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ വനം വകുപ്പുമന്ത്രിമാർ മറയൂർ ചന്ദനക്കാടുകൾ സന്ദർശിച്ചിട്ടുണ്ട്.

(ഇ) മന്ത്രിയുടെ 14-2-2005-ലെ സന്ദർശനത്തിൽ ചന്ദന റിസർവ്വിന് അടുത്തുള്ള ചില സ്ഥലങ്ങളിലൂടെ ചന്ദനത്തടികൾ കടത്തിക്കൊണ്ടു പോയിട്ടുള്ളതിന്റെ ലക്ഷണങ്ങൾ കണ്ടിട്ടുണ്ട്.

(എഫ്) മറയൂരിലുള്ള പളനാട് വെസ്റ്റഡ് ഫോറസ്റ്റിന്റെ അതിർത്തിയിൽ കിടക്കുന്ന വനത്തോട് ചേർന്നിട്ടുള്ള സ്ഥലത്തിന്റെ മതിൽ ചാടി ചന്ദനം കടത്തിക്കൊണ്ടു പോകുന്നതിന്റെ ലക്ഷണങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായി ജനകീയ സമിതികൾ

81 (3290) ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായുള്ള ജനകീയ സമിതികളുടെ ഘടന, ചുമതല എന്നിവ എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

വനങ്ങളെ മുഖ്യമായും നിത്യജീവിതത്തിന്റെ ഭാഗമായി ആശ്രയിക്കുന്ന വനാശ്രിത സമൂഹങ്ങൾ അടങ്ങുന്നതാണ് വനസംരക്ഷണ സമിതി. ഇതിന്റെ നിർവ്വഹണതലം താഴെ കാണിച്ചിരിക്കുന്ന പ്രകാരമാണ്:

1. ഊരിലെ തെരഞ്ഞെടുക്കപ്പെട്ട 9 അംഗങ്ങൾ (ഒരു കുടുംബത്തിൽ നിന്ന് ഒരംഗം മാത്രം)
2. സ്ത്രീ പ്രാതിനിധ്യം കുറഞ്ഞത് 4
3. തെരഞ്ഞെടുക്കപ്പെട്ടവരിൽ 5 പേരെങ്കിലും പ്രധാനമായും തടിയിതര വനവിഭവങ്ങൾ ശേഖരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടവരായിരിക്കണം
4. എക്സ്-ഒഫിഷ്യോ അംഗങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly